Page 1 of 1

ഓരോ ഗ്രാമപഞ്ചായത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റൈസ് ചെയ്യുന്നതിലൂടെ വിവര ശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും ആയതുസംബന്ധിച്ച വിവരങ്ങൾ കൃത്രിമമായി ലഭിക്കുകയും ചെയ്യുന്നു.

## തദ്ദേശസ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ടിൽനിന്നും വകമാറ്റിയ തുക

259 (1581) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നും വകമാറ്റാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ;

(ബി) വകമാറ്റിയ തുക മറ്റ് ഏത് ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചതെന്നറിയിക്കാമോ ;

(സി) വകമാറ്റിയ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മടക്കി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ വർഷത്തെ ഫണ്ട് അലോട്ട്മെന്റിൽ, വകമാറ്റിയ തുക നൽകിത്തുടങ്ങിയിട്ടുണ്ടോ ?

### ഉത്തരം

(എ& ബി) മെയിന്റനൻസ് ഗ്രാന്റിൽ 2013-14 സാമ്പത്തിക വർഷം ചെലവഴിക്കുവാൻ സാധ്യതയില്ലാത്ത തുക കേന്ദ്രഫണ്ട് ലഭിക്കുമ്പോൾ തിരികെ നൽകാമെന്ന വ്യവസ്ഥയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നൽകുന്നതിന് ഉത്തരവായിരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

260 (1582) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly